# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **May 2015** **No.2**

# എഡിറ്റോറിയൽ

ആരംഭം മുതൽ മനുഷ്യരിൽ മൽസരം അല്ലെങ്കിൽ എതിർക്കുവാനുള്ള ഒരു വാസന നാം കാണുന്നുണ്ട്. അത് പിശാചിൽ നിന്നാണ് ലഭിച്ചത്. ആദ്യ സ്ത്രീ സാത്താന്റെ പ്രലോഭനത്തിന് വഴങ്ങി ദൈവഹിതത്തോട് എതിർത്തു പ്രവർത്തിക്കുകയായിരുന്നു. പ്രഥമ മനുഷ്യരെ ദൈവം സൃഷ്ടിച്ച് ലോകത്തിലാക്കിയപ്പോൾ അവർക്ക് ആവശ്യമുള്ളതെല്ലാം നൽകിയിരുന്നു. എന്നാൽ ആവശ്യമില്ലാത്തത് ഒഴിവാക്കുവാനുള്ള മുന്നറിയിപ്പ് ദൈവം കൊടുത്തിരുന്നു. മനഷ്യജീവിതത്തിൽ എന്താണ് അപകടം ഉണ്ടാക്കുന്നതെന്ന് തിരിച്ചറിയാൻ കഴിയാത്തവർക്കാണല്ലൊ മുന്നറിയിപ്പ് ആവശ്യമുള്ളത്. അമിതമായ ആഗ്രഹങ്ങൾ അഥവാ മോഹം നമ്മിൽ വരുത്തുന്നത് പിശാചാണ്. ലോകത്തിലുള്ളതെല്ലാം നശിക്കുവാനുള്ളതാണ്. അക്കാരണത്താൽ ലോകത്തെ നാം സ്നേഹിക്കരുത് ലോകത്തിലുള്ള പല വസ്തുക്കളും നമ്മെ ഭ്രമിപ്പിക്കുന്നവയാണ്. കണ്ണിനു കുളിർമ്മയേറിയതും കാതുകൾക്ക് ഇമ്പകരമായതും നമ്മെ അതിലേക്ക് വലിച്ചിഴച്ചേക്കാം. നമ്മുടെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുവാൻ കഴിയാതെ വരുന്നത് ദൈവ സഹായം ഇല്ലാതെ വരുമ്പോഴാണ്. ദൈവം മനുഷ്യരുടെ ഹൃദയത്തിൽ വസിപ്പാൻ ആഗ്രഹിക്കുന്നു. പക്ഷെ ഭൂരിഭാഗം പേരും അതിന് ദൈവത്തെ അനുവദിക്കുന്നില്ല.

ദൈവത്തിന്റെ കൽപനകൾ പൂർണ്ണതയുള്ളതാണ്. അവ ഓരോരുത്തരും അനുസരിച്ച് ജീവിച്ചാൽ ഏതു പിശാചിനേയും നമുക്ക് അകറ്റുവാൻ കഴിയും. ദൈവത്തോട് അടുത്തു ചെല്ലുകയാണെങ്കിൽ, പിശാച് നമ്മെ വിട്ട് ഓടിപ്പോകും. കാരണം ദൈവമുൻപാകെ അവന് ദുഷ്ടത

പ്രവർത്തിപ്പാൻ കഴിയുകയില്ല. യേശു പിശാചിനെ നേരിട്ടത് തിരുവെഴുത്തുകളാലായിരുന്നു. ദൈവത്തിന്റെ അരുളപ്പാടുകളെ വായിച്ച് ഗ്രഹിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാനാണ് ദൈവം ആവശ്യപ്പെട്ടിരിക്കുന്നത്. ദൈവപുത്രനായി യേശു ഈ ഭൂമിയിൽ അവതരിച്ചത്, മനുഷ്യരെ പാപത്തിന്റെ അടിമത്വത്തിൽനിന്നു വിടുവിക്കുന്നതിനാണ്. നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ തന്നിരിക്കുന്ന ആത്മാവിനെ തിരിച്ച് ദൈവത്തിന് ഏൽപിക്കുവാനുള്ള ഉത്തരവാദിത്തം എല്ലാവർക്കുമുണ്ട്. പക്ഷെ പല മതങ്ങളും ആളുകളെ ശരിയായ വഴി കാണിച്ചുകൊടുക്കാതെ വഴിതെറ്റിക്കുകയാണ് ചെയ്യുന്നത്.

സത്യവും നീതിയും, ന്യായവുമായ വഴി ക്രിസ്തു ലോകത്തിലുള്ള ആളുകൾക്ക് കാണിച്ചു തന്നിരിക്കുന്നു. ആ വഴി ഇടുക്കവും ഞെരുക്കവുമുള്ളതാണ്, എന്തും ചെയ്യുവാനുള്ള വഴിയല്ല അത്. ദൈവേഷ്ടത്തിന് കീഴ്പ്പെട്ട ജീവിതമാണ് അത്. ആർക്കും സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാവുന്നതല്ല. നമ്മുടെ തോന്നലുകൾ പലപ്പോഴും ദോഷമുള്ളതായിരിക്കും. കർത്താവിന്റെ ഉപദേശങ്ങൾ നമ്മെ നിത്യതയിലേക്ക് വഴി നടത്തുന്നതാണ്. യഥാർത്ഥത്തിൽ മനുഷ്യരുടെ ദൈനന്തിന ജീവിതത്തിൽ ദൈവം ഓരോരുത്തരെയും സഹായിക്കുന്ന വിധം എല്ലാവരും തിരിച്ചറിയണം. ശരീരവും, മനസും, ആത്മാവും യോജിച്ച് പ്രവർത്തിക്കണം. ഒരിക്കലും മാറാത്ത ക്രിസ്തു തന്റെ മാറ്റമില്ലാത്ത വചനം, നാം കുലുങ്ങിപോകാതിരിക്കുവാൻ വെളിപ്പെടുത്തിയിരിക്കുന്നു. വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് നമ്മുടെ ആത്മാവിനുള്ള ആഹാരം.

നാം ആത്മിയമായി നഷ്ടപ്പെട്ടുപോകാതിരിപ്പാൻ അവന്റെ നിർദ്ദേശങ്ങളെയാണ് അനുസരിക്കേണ്ടത്. പാപത്തിൽ ജീവിക്കുന്നവർക്ക് വാസ്തവത്തിൽ സ്വസ്ഥത നഷ്ടപ്പെട്ടിരിക്കുകയാണ്. അത് തിരികെ ലഭിക്കണമെങ്കിൽ, പാപമോചനം ലഭിക്കണം. പാപികൾക്കുവേണ്ടി മരിക്കയും പാപികളെ നീതീകരിക്കുന്നതിനായി അവനെ മരിച്ചവരിൽനിന്ന് ഉയർപ്പിക്കയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾക്ക് വചനപ്രകാരം പാപമോചനം ലഭിച്ചിട്ടില്ലെങ്കിൽ, ഇന്നു തന്നെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളിൽനിന്ന് വിട്ട് തിരിഞ്ഞു ക്രിസ്തു ദൈവപുത്രൻ ആണെന്ന് ഏറ്റുപറഞ്ഞു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് നിങ്ങൾ കർത്താവിന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുക.

# ദുരുപദേശത്തെ സൂക്ഷിക്കുക

## *J.C.* ചോട്ട്

ബൈബിൾ ആകുന്ന ദൈവ വചനം മുഖാന്തരം ദൈവം തന്റെ ഇഷ്ടം നമുക്ക് വെളിപ്പെടുത്തി തന്നു (എബ്രായർ 1:1-2). നാം അറിയേണ്ടതിനും രക്ഷിക്കപ്പെടുവാനും നിത്യജീവൻ പ്രാപിക്കുവാനും വേണ്ടതെല്ലാം വെളിപ്പെടുത്തിയിട്ടുണ്ട് (എബ്രായർ 2:1-2). തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസീയവും സൽപ്രവർത്തികളിൽ നന്മതികഞ്ഞവരാക്കുവാൻ പൂർണ്ണവുമാണ് (2 തിമൊഥയൊസ് 3:16-17). ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുകയില്ല എന്നും കർത്താവ് അരുളിചെയ്തു (യോഹന്നാൻ 14:6). സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നും കർത്താവു പറഞ്ഞു (യോഹന്നാൻ 8:32).

ഈ സത്യമെല്ലാം ദൈവം തന്റെ വചനത്തിൽ രേഖപ്പെടുത്തിയിട്ടും വീണ്ടും വീണ്ടും ദുരുപദേശത്തെ സൂക്ഷിക്കുവാൻ നമ്മോട് മുന്നറിയിച്ചിട്ടുണ്ട് (2 പത്രൊസ് 2:1;1 യോഹന്നാൻ 4:1). ഈ അനുശാസനം നാം വഞ്ചിക്കപ്പെടാതിരിക്കുവാനാണ് (റോമർ 16:17-18 യാക്കോബ് 1:22). ഈ മുന്നറിയിപ്പുകൾ നൽകിയിട്ടുപോലും ഇന്നു അനേകം ആളുകൾ മതപരമായി വഞ്ചിക്കപ്പെട്ടിരിക്കയാണ്. എങ്ങനെയാണ് ആളുകൾ വഞ്ചിക്കപ്പെട്ടിരിക്കുന്നത് എന്നു നാം അറിഞ്ഞിരിക്കണം. അല്ലെങ്കിൽ നാം തെറ്റായി നയിക്കപ്പെടും.

1. ഏദെൻ തോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു ദൈവം വിലക്കിയിരുന്നു. പക്ഷെ ഭോഷ്ക്ക് വിശ്വസിച്ചതുകൊണ്ട് അവർ പാപം ചെയ്തു. ആ വൃക്ഷ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നു ദൈവം കല്പിച്ചിരുന്നു. എന്നാൽ സർപ്പത്തിന്റെ രൂപത്തിൽ വന്ന സാത്താൻ ഹവ്വയോട് പറഞ്ഞതു: നീ ആ വൃക്ഷഫലം തിന്നാൽ നിന്റെ കണ്ണുകൾ തുറക്കും നീ ദൈവത്തെ പോലെ ആകും എന്നായിരുന്നു. അവൾ സാത്താന്റെ വാക്കുകൾ വിശ്വസിച്ചു ഫലം പറിച്ചു തിന്നു; ഭർത്താവിനും കൊടുത്തു; അവനും തിന്നു (ഉല്പത്തി 2ഉം 3ഉം അദ്ധ്യായങ്ങൾ). ആ ദിവസം തന്നെ അവർ ആത്മിയമായി മരി

ച്ചു. ജീവ വൃക്ഷത്തിന്റെ ഫലം തിന്നാൻ സാധിക്കാത്ത കാലത്തോളം അവർ ഭൗതികമായും മരിക്കേണ്ടി വന്നു. അവരുടെ പാപത്തിന്റെ ഫലങ്ങൾ വേറെയും അവർ അനുഭവിക്കേണ്ടി വന്നു.

2. ഒരു വ്യക്തിയുടെയോ, സമുദായത്തിന്റെയോ സ്വാധീന ശക്തിയാൽ ഒരാൾ വഞ്ചിക്കപ്പെടാം. വിലക്കപ്പെട്ട ഫലം തിന്നുവാൻ ആദാമിനെ പ്രേരിപ്പിച്ചത് ഹവ്വയായിരുന്നു (ഉല്പത്തി 3:7). ജനകൂട്ടം എവിടെയാണ് പോകുന്നത് എന്നുനോക്കി അവരുടെ കൂടെ ചലിക്കുന്നവർ ഉണ്ട്. ഏറ്റവും വലിയ നാമധേയ വിഭാഗം നോക്കി അതിൽ അംഗത്വം സ്വീകരിച്ച് അഭിമാനം കണ്ടെത്തുന്നവർ ഉണ്ട്. ബഹുജന പക്ഷം ചേർന്നു നാം ദോഷം പ്രവർത്തിച്ചു കൂടാ. യേശുക്രിസ്തു പറഞ്ഞു. നാശത്തിലേക്കു പോകുന്നവർ അനവധിയാണ് എന്ന്. വിശാലമായ വഴി കണ്ടെത്തുന്നവരാണ് ഇങ്ങനെയുള്ളവർ.

3. മാനുഷിക വിവേചനത്താൽ ധാരാളം പേർ വഞ്ചിതരാകുന്നുണ്ട്. അവർക്ക് എന്ത് ഇഷ്ടമോ അതു ചെയ്യുന്നു. കാരണം അതിൽ തെറ്റില്ലെന്നും അതുമാത്രമാണ് ശരിയെന്നും ആണ് അവരുടെ തോന്നൽ. ക്രിസ്ത്യാനികളെ അവസാനം ദൈവം തന്റെ കൃപയാലാണ് രക്ഷിക്കുന്നതെന്നു ന്യായവാദം നടത്തുന്നവർ ഉണ്ട്. ബലഹീനതയെ ന്യായീകരിക്കയാണ് അവർ ചെയ്യുന്നത്. നാമധേയ വിഭാഗത്തിൽ പെടുന്നവരും ബലഹീനതയെ ന്യായീകരിക്കയാണ് ചെയ്യുന്നത്. നാമധേയ വിഭാഗത്തിൽ പെടുന്നവരും ബലഹീനരാണ്. അതുകൊണ്ട് ദൈവം അവസാനം അവരേയും രക്ഷിക്കും എന്നു കരുതുന്നവരുമുണ്ട്. ദൈവത്തിന്റെ കൃപയാണ് നമ്മെ രക്ഷിക്കുന്നത് എന്നതു വാസ്തവമാണ്. എന്നാൽ ദൈവത്തിന്റെ ഭവനത്തിലേക്ക് വീണ്ടും ജനിക്കാത്തവരെ ദൈവത്തിന്റെ കൃപ രക്ഷിക്കയില്ല. കർത്താവ് ചെയ്യാൻ പറഞ്ഞ കാര്യങ്ങളെ നിരസിച്ചുകൊണ്ടു കൃപ രക്ഷിക്കും എന്നത് വാസ്തവ വിരുദ്ധമാണ്. സുവിശേഷം കേട്ടു വിശ്വസിച്ച് അനുസരിക്കുമ്പോഴാണ് കർത്താവു നമ്മെ രക്ഷിക്കുന്നത് (മർക്കൊസ് 16:15-16). അങ്ങനെ കർത്താവിന്റെ സഭയാകുന്ന ഭവനത്തിൽ അംഗമായി തീരണം (മത്തായി 16:18; പ്രവൃത്തി 2:47). അവന്റെ നാമം ധരിച്ചു അവനെ സത്യത്തിലും ആത്മാവിലും ആരാധിച്ച് മരണത്തോളം വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കണം (പ്രവൃത്തി 4:12; വെളിപ്പാട് 2:10). എന്നാൽ ദൈവ ഭവനത്തിലേക്കു ജനി

ക്കപ്പെടാതിരിക്കുന്നവർക്കു ദൈവ കൃപ ലഭിക്കുന്നില്ല.

4. ഉപദേഷ്ടാവിന്റെ പ്രസിദ്ധി നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അയാൾക്കു തന്നിൽ തന്നെ ഒരു ആകർഷണീയത ഉണ്ടാകും. അയാൾ പറയുന്നതെന്തും കേൾക്കാൻ രസമുണ്ട്. അവർ അയാളെ പൂർണ്ണമായി വിശ്വസിക്കുന്നു: അദ്ദേഹം പറയുന്നതു ബൈബിളിനു കടക വിരുദ്ധമായാലും അവർക്കു വിരോധമില്ല. അവർ അയാളെ പിന്തുടരും (1 കൊരിന്ത്യർ 1:10-17). പൗലോസിനെയും അപ്പല്ലോസിനേയും പത്രോസിനേയും മഹത്വം കൊടുത്ത് പിൻ പറ്റുന്നതിനെ പൗലൊസ് ഖണ്ഡിക്കുകയുണ്ടായി. യേശുക്രിസ്തുവിനെ മാത്രമെ ആശ്രയിക്കാവു എന്നാണ് പറഞ്ഞത്. കാരണം അവനാണ് നമുക്കു വേണ്ടി മരിച്ചത്.

5. തെറ്റായ വാഗ്ദാനങ്ങൾ നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അവർ വിശ്വസിച്ചിരിക്കുന്നത് അവർക്കു പരിശുദ്ധാത്മ സ്നാനം ലഭിക്കുമെന്നും അത്ഭുതം ചെയ്യുവാൻ കഴിയുമെന്നു അന്യഭാഷകളിൽ സംസാരിക്കാൻ കഴിയുമെന്നും ആണ്. ആ വഗ്ദാനങ്ങൾ അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു എന്നും അല്ലാതെ സാധാരണക്കാർക്കല്ല എന്നും അവർ മനസിലാക്കുന്നില്ല (യോഹന്നാൻ 15:26-27). ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (പ്രവൃത്തി 1:8). ഇപ്പോൾ പ്രവൃത്തികളുടെ പുസ്തകം നിങ്ങൾ തന്നെ വായിച്ച് ആർക്കായിരുന്നു ആ വാഗ്ദാനമെന്നു തിരിച്ചറിയുക, കർത്താവ് വാഗ്ദാനം ചെയ്യാത്തവർ അതു സ്വീകരിക്കും എന്നു തെറ്റിദ്ധരിച്ചിരിക്കയാണെങ്കിൽ വഞ്ചിതരായിരിക്കയാണ്. ഒരിക്കലും നിങ്ങൾ വഞ്ചിക്കപ്പെടരുത്.

6. തെറ്റായ മതാചാരങ്ങൾ പഠിപ്പിക്കുന്ന മാതാപിതാക്കളുടെ സംരക്ഷണത്തിൽ വളരുന്ന കുട്ടികൾ ഇപ്രകാരം വഞ്ചിക്കപ്പെട്ടിരിക്കയാണ്. നാം മാതാപിതാക്കളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യണം. പക്ഷെ അവരുടെ തെറ്റുകൾ ഒരിക്കലും അനുകരിക്കരുത്. അതുകൊണ്ട് തിരുവെഴുത്തുകൾ വായിച്ച് സത്യം മനസിലാക്കണം.

7. ലോകം, ബഹുഭൂരിപക്ഷത്തെയും ഭൗതിക മേന്മയാലും ലൗകിക ഭോഗത്താലും വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെയും

ലോകത്തിലുള്ളതിനെയും നാം സ്നേഹിക്കരുത് എന്ന് യോഹന്നാൻ നമ്മെ മുന്നറിയിച്ചിരിക്കുന്നു. നാം ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം നമ്മിൽ ഇല്ല (1 യോഹന്നാൻ 2:15-17)

✶

# ഏലിയാ പ്രവാചകൻ

## ഡബ്ലിയു.എ.ഹൊളെ

അവർ അക്കരെ കടന്നശേഷം ഏലിയാവ് ഏലീശയോടു; ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടും മുമ്പെ ഞാൻ നിനക്കു എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു.അതിനു ഏലീശ: നിന്റെ ആത്മാവിൽ ഇരട്ടി പങ്കു എന്റെ മേൽ വരുമാറാകട്ടെ എന്നു പറഞ്ഞു അതിനു അവൻ നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്: ഞാൻ നിങ്കൽ നിന്നു എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്കു അങ്ങനെ ഉണ്ടാകും; അല്ലെന്നു വരികിൽ ഉണ്ടാകയില്ല എന്നു പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നി രഥവും അഗ്നി അശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലീയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി. ഏലിശാ അതു കണ്ടിട്ടു; എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളെ എന്നും നിലവിളിച്ചു. പിന്നെ അവനെ കണ്ടില്ല; അപ്പോൾ അവൻ തന്റെ വസ്ത്രം പിടിച്ചു രണ്ടു ഖണ്ഡമായി കീറികളഞ്ഞു (2 രാജാക്കന്മാർ 2:9-12).

മഹാ പ്രവാചകന്മാരിൽ ഒരാളായിരുന്നു ഏലിയാവ്. അവൻ പരുപരുത്ത ഒട്ടക രോമം കൊണ്ടുള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. അതിനെ തോൽ കൊണ്ടു അരയിൽ കെട്ടിമുറുക്കിയിരുന്നു. വലിയ വിഷമ ഘട്ടങ്ങളിൽ പെട്ടന്നു പ്രത്യക്ഷനാകുന്നതിൽ പ്രസിദ്ധനായിരുന്നു ഏലിയാവ്. ബാലിനെ സേവിക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്ന ഇസബേലിന്മേൽ വലിയൊരു വിജയം കൈവരിക്കാൻ അവനു കഴിഞ്ഞിരുന്നു (1 രാജാക്കന്മാർ 18 വായിക്കുക). ഏലിയാവു പ്രവചിച്ചതുപോലെ ദേശത്തു മൂന്നു വർഷം വരൾച്ചയുണ്ടായി (യാക്കൊബ് 5:17; 1 രാജാക്കന്മാർ 18:1-10). മരിച്ചവനെ ഉയിർപ്പിച്ചവനായിരുന്നു ഏലിയാവ് (1 രാജാക്കന്മാർ 17:17-24).

നൂറ്റാണ്ടുകൾക്കു ശേഷം ഏലിയാവിന്റെ ആത്മാവിന്റെ ശക്തിയോടും ധൈര്യത്തോടും കൂടിയാണ് യോഹന്നാൻ സ്നാപകൻ വരുന്നത് (ലൂക്കൊസ് 1:17). യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ പുനരവതാരമായിരുന്നില്ല. പിന്നെയോ വരുവാനുള്ള ഏലിയാവ് എന്നതു സൂചിപ്പിക്കുന്നത്, ഏലിയാവിന്റെ ആത്മാവിന്റെ അതെ പ്രവർത്തന രീതി എന്നർത്ഥം (മത്തായി 11:145; 17:10-13; മർക്കൊസ് 4:11-13; മലാഖി 4:5). യോഹന്നാൻ സ്നാപകന്റെ വസ്ത്രധാരണവും ജീവിതവും മാനസാന്തര സന്ദേശവും ഏലിയാവിന്റേതുമായി താരതമ്യം ചെയ്യാം. ഏലിയാവിന്റെ സ്വഭാവ വിശേഷതകൾ എന്തെല്ലാമായിരുന്നു? നമുക്ക് പരിശോധിക്കാം.

1. എടുത്തു പറയേണ്ട ധൈര്യശാലിയായിരുന്നു അവൻ. ഇസബേൽ രാജ്ഞിയുടെ ക്രൂരമായ ഉപദ്രവങ്ങളെ അവൻ അനുവദിച്ചു കൊടുത്തില്ല. ബാലിന്റെ പ്രവാചകന്മാരെ പരസ്യമായി നേരിടുന്നതിനു അവൻ വെല്ലുവിളിച്ചു (1 രാജാക്കന്മാർ 18:17-40). ഇസബേൽ ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയുണ്ടായി (1 രാജാക്കന്മാർ 18:13;2 രാജാക്കന്മാർ 9:7).

ദൈവത്തിന്റെ സത്യത്തെ മുറുകെ പിടിക്കുന്നതിൽ ഏലിയാവ് ഭയപ്പെട്ടിരുന്നില്ല (1 രാജാക്കന്മാർ 18:21-40). ബാലിന്റെ 450 പ്രവാചകന്മാർക്കെതിരെ ഏലിയാവ് ഒറ്റക്ക് എതിർത്തു. എതിർപ്പുകളുടെ മദ്ധ്യേ സത്യത്തിനു വേണ്ടി പ്രതിരോധിക്കേണ്ടിയിരുന്നു (ഫിലിപ്പിയർ 1:7:17).

✶

# യേശു സ്നാനം ഏറ്റത് എന്തിന്

## ജേസൺ റോബെർട്ട്സ്

വേദ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ള കല്പനകളിൽ ചിലത് ആളുകൾ അവഗണിക്കുകയോ, അതിനെ മാറ്റുകയോ ചെയ്തിരിക്കുകയാണ്. അതിലൊന്നാണ് സ്നാനം. യേശുവിന്റെ സ്നാനത്തെ സംബന്ധിച്ച് ബൈബിൾ പറയുന്നതു ശ്രദ്ധിക്കുക. “അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ ഗലീലയിൽ നിന്നു യോർദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി; നിന്നാൽ സ്നാനം ഏൽക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു. യേശു

അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു" (മത്തായി 13:13-15). ഇങ്ങനെയായിരുന്നു യേശു സ്നാനം ഏറ്റത്.

സ്നാനം പാപമോചനത്തിനു വേണ്ടിയുള്ളതാണ് എന്നു നമുക്കറിയാം. പക്ഷെ യേശു പാപം ഒന്നും ചെയ്തിട്ടില്ലല്ലൊ. പിന്നെ അവൻ എന്തിനാണ് സ്നാനം ഏൽക്കുവാൻ തയ്യാറായത്? (പ്രവൃത്തി 2:38; 22:16). അവൻ പാപം ഒന്നും ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു (1 പത്രൊസ് 2:22). അവൻ നമ്മെ പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടു. എന്നാൽ യേശു പാപം കൂടാതെ ജീവിച്ചു ആവശ്യമില്ലാത്ത ഒരു കാര്യമാണോ മനുഷ്യപുത്രൻ ചെയ്തത്? ഒരിക്കലും അല്ല. നിലവിലുള്ള നിയമം അനുസരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. യേശു ഈ ലോകത്തിൽ വന്നതു പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനാണ്. ദൈവത്തിനു പ്രസാദകരമായതു മാത്രം ചെയ്തുകൊണ്ടു ദൈവത്തിനു പുകഴ്ച്ച കൊടുക്കുകയായിരുന്നു അവന്റെ ലക്ഷ്യം. യേശു പറയുന്നത്: "എന്നെ അയച്ചവൻ എന്നോട് കൂടെയുണ്ട്, ഞാൻ എല്ലായ്പ്പോഴും അവനു പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടില്ല എന്നു പറഞ്ഞു". ലോകരക്ഷിതാവായി വന്ന യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ എല്ലാം ലോകത്തിലുള്ള മനുഷ്യർ വീക്ഷിക്കും. ജനങ്ങൾക്കു അനുകരിക്കേണ്ട മാത്രകയാണ് അവൻ ലോകത്തിനു കാണിച്ചു കൊടുത്തത്.

താൻ സ്നാനമേല്ക്കുന്നത് എന്തിനാണെന്നു ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. നിന്നാൽ സ്നാനമേൽക്കുവാൻ എനിക്കാവശ്യം എന്നു യോഹന്നാൻ അവനോടു പറഞ്ഞപ്പോൾ അതു വെളിപ്പെടുത്തി. "ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിക്കപ്പെടേണ്ടതാകുന്നു നിറവേറ്റേണ്ട പല കാര്യങ്ങൾ അവനിൽ ഉണ്ടായിരുന്നു. ദൈവ നീതിയുടെ പൂർത്തീകരണം നമുക്ക് അവനിൽ കാണാം. അവൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു തെറ്റിദ്ധരിച്ച യെഹൂദന്മാരോടു പറഞ്ഞതു: ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തി

പ്പാനത്രെ ഞാൻ വന്നതു എന്നാണ് (മത്തായി 5:17). ഈ ഭൂമിയിൽ ജനിച്ചതു മുതൽ യേശുവിന്റെ മരണം വരെ എല്ലാ നീതിയും രണ്ടും രണ്ടാണ് എന്നു നാം ഓർക്കണം. ദൈവഹിതമാണ് ദൈവത്തിന്റെ നീതി. അതു എല്ലാവരും മനസിലാക്കിയാൽ കാര്യങ്ങൾ എളുപ്പമാണ്. ആത്മിയ വിവേചനം നടത്തുവാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്.

നീതി എന്നു പറയുന്നത് ദൈവ സന്നിധിയിൽ അവനു ശരിയായിട്ടുള്ളതാണ്. നീതി ചെയ്യുന്നവൻ നീതിയാൽ ജീവിക്കും എന്നു എഴുതിയിരിക്കുന്നു (1 യോഹന്നാൻ 3:7). അതു അനുസരണത്തെ സൂചിപ്പിക്കുന്നു. ദൈവത്തെ അനുസരിക്കാത്തവനു നീതി എന്ത് എന്ന് അറിയാൻ പറ്റുന്നില്ല. മനുഷ്യരുടെ വിലയിരുത്തലുകൾ പോരായ്മയുള്ളതാകകൊണ്ട് മനുഷ്യർക്ക് ആർക്കും സ്വയമായി നീതിമാൻ ആകാൻ സാദ്ധ്യമല്ല. ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്ന നീതി ചെയ്യുമ്പോൾ അവൻ നീതിമാനായി ദൈവം കണക്കിടുന്നു. കർത്താവായ യേശുവിനെ കുറിച്ച് പ്രവചിച്ച പ്രവാചകൻ പ്രവചിച്ചത് "അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും. നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരേയും നീതീകരിക്കും. അവരുടെ അകൃത്യങ്ങൾ അവൻ വഹിക്കും (യെശയ്യാവ് 53:10-11). മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുന്ന ദൈവ നീതിയുടെ ശുശ്രൂഷയായിരുന്നു അവൻ ഏറ്റെടുത്തു നിർവ്വഹിച്ചത്.

തന്റെ തന്നെ മരണത്തെ മുന്നറിയിച്ചുകൊണ്ട് അപ്പൊസ്തലനായിരുന്ന പൗലൊസ് പറയുന്നത് കേൾക്കുക. "ഞാനോ ഇപ്പോൾ തന്നെ പാനിയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണ കാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പേർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതി ആയ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും"(2 തിമൊ 4:7-8).

✶

# ഏകസഭ

## ബോബി. കെ

തിരുവെഴുത്തിൽ വ്യക്തമാക്കിയിരിക്കുന്നതും മനുഷ്യൻ തെറ്റിദ്ധരിച്ചിരിക്കുകയും ചെയ്തിരിക്കുന്ന ഒന്നാണ് സഭ. ഏക രൂപത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തികളെയും സ്ഥാപനത്തെയും ബൈബിളിൽ നമുക്കു പരിചയപ്പെടാം. ക്രിസ്തുവിന്റേതല്ലാതെ മറ്റൊരു പ്രമാണം സഭയ്ക്കില്ല. ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കുള്ള യാത്രക്കു ആവശ്യമായ എല്ലാം മതിയായ രൂപത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ബൈബിൾ. നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാകുന്നു (സങ്കീർത്തനങ്ങൾ 119:105). ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതത്രെ (2 തിമൊഥെയൊസ് 3:16-17). മാനുഷിക ഉപദേശങ്ങളായ നിയമാവലികളും വിശ്വാസപ്രമാണങ്ങളും ദൈവം അംഗീകരിക്കയില്ല. അതുകൊണ്ടും ഭിന്നത വളരുന്നതുകൊണ്ടും അവയെല്ലാം വിട്ടുകളഞ്ഞു നാം വിശ്വസിക്കുന്നതിനും പരിശീലിക്കുന്നതിനും ബൈബിൾ മാത്രം എടുക്കാം എന്ന തീരുമാനത്തിൽ ബൈബിളിലേക്ക് മടങ്ങി വരിക.

ക്രിസ്തു എന്ന പേരല്ലാതെ സഭയ്ക്കു വേറെ പേരില്ല. ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ നിൽകപ്പെട്ട മറ്റൊരു നാമമില്ല. (പ്രവൃത്തി 4:12). മനുഷ്യരുടെ ആത്മാക്കളെ പാപത്തിൽ നിന്നു മോചിപ്പിക്കുവാൻ മറ്റാർക്കും കഴിയുകയില്ല. ദൈവനിയമം നീതിപൂർവ്വം നിർവഹിച്ച യേശുവിന്റെ യാഗമാണ് അതിനാധാരമായി നാം സ്വീകരിക്കേണ്ടത്. നാം പിതാവിനോട് പ്രാർത്ഥിക്കേണ്ടത് കർത്താവിന്റെ നാമത്തിലാണ്. കർത്താവിന്റെ ശിഷ്യന്മാരെ അവന്റെ നാമത്തോട് കൂടിയാണ് ക്രിസ്ത്യാനികൾ എന്നുവിളിക്കപ്പെട്ടത്. നാം വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിലാണ് ചെയ്യേണ്ടത് (പ്രവൃത്തി 11:26; കൊലൊസ്യർ 3:17). നാം അവന്റെ നാമം എടുക്കുമ്പോൾ അവനെ ആദരിക്കുകയാണ് ചെയ്യുന്നത്. അവന്റെ നാമം എടുക്കാത്തവർ അവനെ അനാദരിക്കയാണ് ചെയ്യുന്നത്. മനുഷ്യനാമങ്ങൾ വിഭജനമാണ് പുറപ്പെടുവിക്കുന്നത്. ക്രിസ്തുവിന്റെ നാമത്തോടു സാമ്യപ്പെടുത്താവുന്ന മറ്റൊരു നാമമി

ല്ല. ലോകരക്ഷിതാവ് ക്രിസ്തു മാത്രമാണ്. ദൈവത്തിനും മനുഷ്യർക്കും ഒരേ ഒരു മദ്ധ്യസ്ഥനാണ് നമുക്കുള്ളത്.

ക്രിസ്തുവല്ലാതെ സഭയ്ക്കു മറ്റൊരു അടിസ്ഥാനമോ തലയോ നിർമ്മാതാവോ ഇല്ല. സഭ പണിയുമെന്നു വാഗ്ദാനം ചെയ്തതും മറ്റാരുമല്ല (മത്തായി 16:18). സഭയ്ക്കുവേണ്ടി മരിക്കയും തന്റെ രക്തം കൊടുത്തു സമ്പാദിക്കയും ചെയ്തതാണ് ഈ സഭ (പ്രവൃത്തി 20:28). അവൻ തന്നെത്താൻ സഭയ്ക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫെസ്യർ 5:25). ഭൗതിക ശരീരത്തെ തല നിയന്ത്രിക്കുന്നതു പോലെ ആത്മിയ ശരീരമാകുന്ന അവന്റെ സഭയെ ക്രിസ്തുവാണ് നിയന്ത്രിക്കുന്നത് (കൊലൊസ്യർ 1:18) അവൻ തന്നെയാണ് സഭയുടെ അടിസ്ഥാനമായിരിക്കുന്നത്. മനുഷ്യർ തള്ളിക്കളഞ്ഞെങ്കിലും ദൈവം അവനെ മൂലക്കല്ലായി വെച്ചു. അപ്പൊസ്തലന്മാരെ പ്രാരംഭഘട്ടത്തിൽ നിയോഗിച്ച് പണി ഉറപ്പിക്കുന്നുണ്ട്. ആ ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിയുകയില്ല (1 കൊരിന്ത്യർ 3:11). മനുഷ്യർ മറ്റേതു അടിസ്ഥാനമിട്ടു കെട്ടിപ്പൊക്കാൻ ശ്രമിച്ചാലും അതു നില്ക്കുകയില്ല. ഉറപ്പുള്ള അടിസ്ഥാനം ഒന്നുമാത്രമാണ്; ആ തത്വം ഇന്നു മതവിഭാഗങ്ങൾ മറക്കുന്നു. ഫലമോ ഭിന്നതകൾ ഉടലെടുക്കുന്നു. സഭയുടെ രക്ഷിതാവാണ് ക്രിസ്തു വീണ്ടെടുക്കുവാനും രക്ഷിപ്പാനും സഭയിലേക്കു ചേർക്കുവാനും അധികാരം ക്രിസ്തുവിന് മാത്രമാണുള്ളത്. ഇതിൽ നിന്നു വ്യത്യസ്തമായി പ്രവർത്തിക്കുന്നതു ദൈവഹിതമല്ല. ക്രിസ്തുവിന്റെ സർവ്വസമ്പൂർണ്ണതയാണ് സഭ. സകല ആത്മീയ അനുഗ്രഹങ്ങളും വസിക്കുന്നത് സഭയിലാണ് (എഫെസ്യർ 1:22-23; പ്രവൃത്തി 2:47).

സഭ ക്രിസ്തുവിനെ ആദരിക്കുകയും അവന്റെ ഉപദേശത്തിൽ നിലനിന്നു ദൈവേഷ്ട പ്രകാരം അവനെ ആരാധിക്കുകയും ചെയ്യും. സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കും. ഒരു ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്നതു പോലെ തന്നെയാണ് സഭയും ചെയ്യേണ്ടത്. ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുവാൻ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹന്നാൻ 4:24). ദൈവം നമ്മുടെ ആരാധന സ്വീകരിക്കണമെങ്കിൽ ദൈവഹിതം മാനിച്ചുവേണം നമസ്കരിക്കുവാൻ. പലരും വൃഥാ ദൈവത്തെ ഭജിക്കുന്നുണ്ട്. അതു മനുഷ്യരുടെ പ്രമാണങ്ങളെ അനുസരിച്ചുകൊണ്ട് കുർബ്ബാന, പൂജ എന്ന

പേരിൽ നടത്തുന്നതുകൊണ്ടാണ്. തെറ്റായ കാര്യങ്ങൾ മനുഷ്യരെ പഠിപ്പിച്ചുകൊണ്ടു ദൈവത്തെ ആരാധിച്ചാലും ദൈവം അതിൽ സംപ്രീതനാവുകയില്ല; അജ്ഞതമൂലം ദൈവത്തെ ആരാധിക്കുന്ന വരുണ്ട്. അതും വെറുതെയാണ്. ശരിയായ അറിവോടെ വേണം ദൈവത്തെ പ്രസാദിപ്പിക്കുവാൻ. പരിജ്ഞാനപ്രകാരം ഉള്ള നമസ്കാ രമാണ് സ്വീകാര്യമായത്. ഫലം ലഭിക്കാതെ പ്രവൃത്തികൾ ചെയ്തു സമയം പാഴാക്കരുത്. നിർമ്മല കന്യകയെപോലെ സഭ വിശുദ്ധിയും ലാളിത്യവും കാത്തുസൂക്ഷിക്കണം.

ദൈവം, ആരാധന സ്വീകരിക്കണമെങ്കിൽ അതു മനുഷ്യന്റെ ഹൃദയത്തിൽ നിന്നായിരിക്കണം വരേണ്ടത്. ആത്മാർത്ഥമായ ഒന്നാ യിരിക്കണം. അതു ദൈവ ശക്തിയാലും വചനമാകുന്ന സത്യ ത്താലും നയിക്കുന്നതുമായിരിക്കണം (യോഹന്നാൻ 17:17). ക്രിസ്തു വിന്റെ കല്പനകളെ അവഗണിച്ചുകൊണ്ട് സ്വന്തം ഇഷ്ടം അനുസ രിച്ചോ ആയിരിക്കരുത്. ആരാധന അന്ധമായി പിൻപറ്റുന്നതും ആകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതു വെറുതെയായി പോകും (മത്തായി 15:19). ദൈവം പറഞ്ഞിരിക്കുന്ന ആരാധനാക്രമ ത്തിൽ ഏതെങ്കിലും ഒന്നു കുറഞ്ഞുപോയാൽ ആരാധന അപൂർണ്ണ മാകും. എന്തെങ്കിലും അമിതമായി ചെയ്താൽ അതും കുറ്റമുള്ള തായി തീരും. ആരാധനയ്ക്കു എല്ലായ്പ്പോഴും ദൈവം മാതൃക തന്നിട്ടുണ്ട്. ആ മാതൃകയാണ് മനുഷ്യർ അനുസരിക്കേണ്ടത്. ക്രിസ്തുവിന്റെ ഉപദേശത്തെ തള്ളിക്കളഞ്ഞു ദൈവത്തെ മാനിക്കു വാൻ സാദ്ധ്യമല്ല. ക്രിസ്തുവിന്റെ സഭയെ തള്ളിക്കളഞ്ഞു ക്രിസ്തു വിനെയോ ദൈവത്തെയോ സ്നേഹിക്കാമെന്നോ പ്രസാദിപ്പിക്കാ മെന്നോ ധരിക്കരുത്. ക്രിസ്തു, എത്ര മാത്രം പ്രാധാന്യമുള്ളതായി കാണുന്നുവോ അതേ പ്രാധാന്യത്തോടെ നാമും സഭയെ കാണ ണം. നാം അതേ ഭാവത്തിൽ തന്നെയായിരിക്കണം.

ക്രിസ്തുവിന്റെ രക്തത്തെയും അതുമായി ബന്ധപ്പെട്ട രക്ഷാ മാർഗ്ഗത്തെയും കണ്ടില്ലെന്നു നടിച്ചു മനുഷ്യരുടെ പാരമ്പര്യത്തിൽ തന്നെ ഉറച്ചു നില്ക്കുന്നവരുടെ കൂട്ടം എത്ര വലുതാണെങ്കിലും ദൈവം അവരുടെ ആത്മിയ കാര്യങ്ങളിൽ സംപ്രീതനല്ല. കാരണം എന്റെ വചനത്തെ തള്ളിക്കളയുന്നവൻ എന്നെ തള്ളിക്കളയുന്നു എന്നാണ് കർത്താവ് പറഞ്ഞത്. ദൈവത്തിന്റെ അരുളപ്പാടുകളെ

മാനിച്ചു കർത്താവു തന്റെ ശിഷ്യന്മാർക്ക് കൊടുത്ത കല്പനകളെ പൂർണ്ണമായി കൈക്കൊള്ളണം.

✶

# വില എന്തായാലും വിശ്വാസത്തിനായി പോരാടുക

**ബെന്നി. ഡബ്ലിയു. എച്ച്**

ദൈവ വ്യവസ്ഥയുടെ വിശ്വാസം എന്താണെന്നും അതിന്റെ വില എത്ര മഹത്വമേറിയതാണെന്നും മനസിലാക്കിയാലേ വിശ്വാസത്തിൽ ആളുകൾ ഉറച്ചു നില്ക്കുകയുള്ളു. ശരിയായ അറിവു ശരിയായ രീതിയിൽ തീരുമാനമെടുക്കാൻ ആവശ്യമാണ് എന്ന് നമുക്കറിയാം. അതുപോലെയാണ് ഈ വിഷയവും. ഇന്നു സമൂഹത്തിൽ കാണുന്ന വിശ്വാസവും യഥാർത്ഥ വിശ്വാസവും തമ്മിൽ അന്തരമുണ്ട്. പ്രയോജനമുള്ള വിശ്വാസവും പ്രയോജനമില്ലാത്ത വിശ്വാസവും ഉണ്ട്. നിങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും ഇതു വാസ്തവമാണ്. എന്നാൽ സത്യവേദപുസ്തകത്തിൽ ഒരേ ഒരു വിശ്വാസമാണുള്ളത്. അതു വെറും ഒരു തോന്നലല്ല. പിന്നെയോ ഹൃദയത്തിൽ നിന്നു ഉത്ഭവിക്കുന്നതും കാണാത്ത കാര്യങ്ങളിലുള്ള നിശ്ചയവും പ്രത്യാശയുടെ ഉറപ്പുമാണ്. ക്രിസ്തുവിന്റെ വചനം കേൾക്കുന്നതിനാലും വായിക്കുന്നതിനാലും കിട്ടുന്നതാണ്. യൂദയുടെ ലേഖനത്തിലെ ഒരു വാക്യമാണ് നമ്മുടെ വിഷയത്തിനാധാരം. പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്കു എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നുന്നു(യൂദാ 3).

പ്രിയ വായനക്കാരേ, ആളുകളെ ബൈബിളിലേക്കു തിരിച്ചു കൊണ്ടു വരിക എന്നത് നമ്മുടെ കടമയാണ്. കാരണം ജനങ്ങൾ ബൈബിളിൽ നിന്നും അകന്നു പോയിരിക്കുന്നു. ബൈബിൾ സംസാരിക്കുന്നത് സംസാരിക്കയും ബൈബിൾ നിശബ്ദത പാലിക്കുന്ന സ്ഥലത്തു നാം നിശബ്ദത പാലിക്കുകയും വേണം. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നതുപോലെ നാം ചെയ്യേണ്ടതായി

ട്ടുണ്ട് "വചനം പ്രസംഗിക്കുക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക, തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക; ശാസിക്കപ്പെടുന്നതും തിരുത്തപ്പെടുന്നതും സുഖകരമായിരിക്കയില്ല. ഒരു സഹോദരനെ ഗുണീകരണം നടത്തുമ്പോൾ ആ വ്യക്തി അതു നല്ല ഉദ്ദേശത്തോടെ സ്വീകരിക്കുകയാണെങ്കിൽ അതു ഫലവത്താകും. അയാൾക്ക് ഇഷ്ടമായാലും ഇല്ലെങ്കിലും ചിലപ്പോൾ അതു ചെയ്തേ മതിയാകൂ. സഭയെത്തന്നെ ശാസിക്കയും തിരുത്തുകയും ചെയ്യേണ്ട സമയത്ത് അത് ചെയ്യാൻ മടിക്കരുത്. കാരണം എന്തുദ്ദേശത്തോടെ സഭ വിലയ്ക്ക് വാങ്ങിയോ ആ ഉദ്ദേശം നാമെല്ലാം മാനിക്കണം. യേശു തന്റെ സ്വന്തം രക്തം കൊടുത്തു സമ്പാദിച്ച സഭയെ കാത്തു കൊള്ളേണ്ട ജോലി നമുക്കുണ്ട്. സമയത്തിലും അസമയത്തിലും നാം ഒരുങ്ങി നില്ക്കണം. സത്യം പ്രസംഗിക്കണം, പ്രസംഗിക്കുമ്പോൾ ഏതാനും പേർ സ്വീകരിക്കും മറ്റു ചിലർ നിഷേധിക്കും; അപ്പോൾ ശാസനയും ഗുണീകരണവും ആവശ്യമാണ്.

അടുത്ത സമയത്തു നമ്മുടെ പട്ടണത്തിൽ അറിയപ്പടുന്ന ഒരു ഉപദേഷ്ടാവിന്റെ പ്രസംഗമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാട് പരസ്യമായ ഒന്നായിരുന്നതു കൊണ്ട് സഹോദരന്മാരിൽ ചിലർ അദ്ദേഹത്തിന്റെ പ്രസംഗം ഖണ്ഡിക്കുന്നതിനായി പോയി. ശാന്തമായി അദ്ദേഹം പറഞ്ഞതിലെ അസത്യമെന്തെന്നു അവർ ബോധ്യപ്പെടുത്തി. ഒരു നാമധേയ വിഭാഗമാണ് അദ്ദേഹത്തെ പ്രസംഗിക്കാൻ ക്ഷണിച്ചു വരുത്തിയത്. അവർ സത്യത്തെ മാനിച്ചു തെറ്റു ചൂണ്ടി കാണിച്ചവർക്കു നന്ദി പറയുകയോ ഉപദേഷ്ടാവിനെ തിരിച്ചയക്കുകയോ ആണ് ചെയ്യേണ്ടിയിരുന്നത്. പക്ഷെ അതിനുപകരമായി സത്യം തെളിയിച്ചുകൊടുത്ത സഹോദരന്മാരോടു എതിർക്കുവാനും ദുരുപദേഷ്ടാവിനെ ന്യായീകരിക്കാനുമാണ് അവർ ശ്രമിച്ചത്. സത്യത്തിനു വേണ്ടി നിലനില്ക്കുകയും സത്യത്തെ മറച്ചു വെച്ചു അസത്യം പഠിപ്പിക്കുന്നവരെ സത്യം മനസിലാക്കി കൊടുക്കുകയും വേണം. ആളുകളെ രസിപ്പിക്കുന്നതിനും ജനങ്ങളെ ആകർഷിക്കുന്നതിനും ദുരുപദേഷ്ടാക്കന്മാരും അംഗങ്ങളും ശ്രമിക്കുമ്പോൾ നാം സത്യത്തിനു വേണ്ടി പോരാടുന്നവരായിരിക്കണം. പ്രകോപമോ എതിർപ്പോ അല്ല വേണ്ടത്. സൗമ്യതയോടെ, ദീർഘക്ഷമയോടെ പ്രതിവാദം

നടത്തണം. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നതിനെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നു ചിന്തിക്കുക.

ദൈവത്തോടും സത്യത്തോടും എതിർക്കുന്ന എതിർപ്പ് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ദൈവത്തോടു വിശ്വസ്തത പുലർത്തുന്നവർ സത്യത്തോടും വിശ്വസ്തത പുലർത്തണം. ശരിയായ വിശ്വാസമായിരിക്കണം നാം ആളുകൾക്ക് നല്കേണ്ടത്. മറ്റുള്ളവർ എന്തു വിചാരിക്കുമെന്നോർത്ത് സത്യം പറയുവാൻ നാം വൈമുഖ്യത കാണിക്കരുത്. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവ വക്താക്കളുടെ ധീരമായ ദൗത്യമാണ് സത്യം തുറന്നു പറയുക എന്നത്. യെഹൂദ്യയിലെ ജനങ്ങളോടും യെരുശലേം നിവാസികളോടും സത്യം വെളിപ്പെടുത്തുകയായിരുന്നു യിരെമ്മ്യാവ് ചെയ്തത്. ആ ജനങ്ങളുടെ വഴി മാറ്റിയില്ലെങ്കിൽ അതിന്റെ അനന്തരഫലമായി അവർ കഷ്ടത അനുഭവിക്കേണ്ടി വരും എന്ന മുന്നറിയിപ്പും നല്കുന്നുണ്ട്. അതു അന്നു മാത്രമല്ല; ഇന്നും വാസ്തവമാണ്.

യിരെമ്യാവിന്റെ വായിൽ നിന്നു പുറപ്പെട്ടതു ദൈവത്തിന്റെ അരുളപ്പാടാണെന്നും അതുകൊണ്ട് തങ്ങൾ തങ്ങളുടെ വഴി വിട്ടുമാറണമെന്നും അവർ കരുതേണ്ടിയിരുന്നു. എന്നാൽ അതിനു പകരമായി ഇന്നു ചില ആളുകൾ ചെയ്തതു പോലെയാണ് അവർ യിരെമ്യാവിനോട് ചെയ്തത്. ആദ്യമായി അവർ പറഞ്ഞത്: യിരെമ്യാവ് തന്റെ സ്വന്തം സമയം പാഴാക്കുകയാണെന്നാണ്. തങ്ങളുടെ കൗശലങ്ങളിൽ നിന്നു തങ്ങൾ വിട്ടുമാറുകയില്ല എന്ന നിലപാടായിരുന്നു അവരിൽ ഉണ്ടായിരുന്നത് (യിരെമ്യാവു 18:11). മറ്റൊരു രീതിയിൽ പറഞ്ഞാൽ കർത്താവ് എന്ത് ആഗ്രഹിച്ചാലും ഞങ്ങൾ ഞങ്ങളുടെ വഴിക്ക് തന്നെ നീങ്ങും. അവരുടെ തിരഞ്ഞെടുപ്പും തീരുമാനവും അത്തരത്തിലായിരുന്നു. പിന്നീട് ദൈവത്തിന്റെ പ്രവാചകനായ യിരെമ്യാവിനെ ആക്രമിക്കാൻ തുടങ്ങി. “എന്നാൽ, അവർ, വരുവിൻ, നമുക്ക് യിരെമ്യാവിന്റെ നേരെ ഉപായങ്ങളെ ചിന്തിക്കാം. പുരോഹിതന്റെ പക്കൽ ഉപദേശവും ജ്ഞാനികളുടെ പക്കൽ അലോചനയും പ്രവാചകന്റെ പക്കൽ അരുളപ്പാടും ഇല്ലാതെ പോകയില്ല വരുവിൻ, നാം അവനെ നാവു കൊണ്ടു കൊന്നു കളക; അവന്റെ വാക്കുകൾ ഒന്നും ശ്രദ്ധിക്കരുത് എന്നു പറഞ്ഞു (യിരെമ്യാവ് 18:18).

പിശാചിന്റെ തന്ത്രപരമായ നിരൂപണം അവർ ഏറ്റെടുത്തു എന്നു

പറയാം. നന്മയെ തിന്മയാക്കി കാണുന്ന ജനം; എത്ര മൗഢ്യമായി അവർ ദൈവത്തിന്റെ കല്പനകളെ തള്ളിക്കളയുന്നു എന്നു നോക്കുക. യെശയ്യാവിന്റെ പുസ്തകത്തിലും ഇതുപോലെയുള്ള സംഭവം വിവരിക്കുന്നുണ്ട്. തിന്മക്കു പകരം നന്മ എന്നും നന്മക്കു പകരം തിന്മ എന്നും പേർ പറയുകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും, കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം (യെശയ്യാവ് 5:20).

മേഘ പാളികൾ ആകാശത്തിൽ ചലിക്കുമ്പോൾ പ്രകാശത്തെ തടയുന്നു. അതുപോലെയാണ് ഇവരും.

✶

# സോദോമിന്റെ പാപം

## ജോൺ. ജി

ലൗകികമായ നേട്ടങ്ങളിൽ മനുഷ്യരെ എപ്പോഴും കാർന്നു തിന്നുന്ന രോഗമാണല്ലോ പാപം. ഒന്നാം നൂറ്റാണ്ടിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അന്നത്തെ ജാതികൾ അന്യദേവന്മാരെ വണങ്ങിയിരുന്നതു മാത്രമല്ല അവർ എല്ലാ മേഖലകളിലും ദുഷ്ടത നിറഞ്ഞവരായിരുന്നു. സത്യദൈവത്തെ വിശ്വസിക്കുവാൻ അവർ കൂട്ടാക്കിയില്ല. അവർ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ നമസ്കരിച്ചു വന്നു. അതുകൊണ്ടു ദൈവം അവരെ അശുദ്ധിയിലാക്കി അവരുടെ ഹൃദയങ്ങളിലെ മോഹങ്ങൾക്കനുസരിച്ച് ശരീരത്തെ അപമാനത്തിനായി ഏല്പിച്ചു കൊടുത്തു (റോമർ 1:20-24). സ്വയഭോഗം എന്ന തലതിരിഞ്ഞ പാപം ചെയ്യുന്ന അവസ്ഥയിലേക്കു അവർ തരം താണു." അക്കാരണത്താൽ അവർ അന്യോന്യം ആണോടു ആണും പെണ്ണോടു പെണ്ണും അവലക്ഷണമായി പ്രവർത്തിക്കാൻ തുടങ്ങി. പ്രകൃതി വിരുദ്ധമായ ജഢിക മോഹമായിരുന്നു അവരുടേത്. കാമവികാരങ്ങൾക്കു അടിമപ്പെട്ടു ലജ്ജിക്കത്തക്ക രീതിയിൽ ആയിതീർന്നു അവരുടെ ജീവിതം. അങ്ങനെ അവരുടെ തെറ്റിന്റെ ശിക്ഷ അവർ അനുഭവിക്കേണ്ടിയിരുന്നു (റോമർ 1:26-27).

സ്വയഭോഗം അത്ര തെറ്റല്ല, പാപമല്ല എന്നൊക്കെ പറയുന്നവർ ഉണ്ട്. ലൈംഗിക ബന്ധത്തിനു എന്താണ് ശരി, ഏതാണ് തെറ്റ് എന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. " അതിനു അവൻ: സൃഷ്ടിച്ച

വൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല. ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു പറഞ്ഞു (മത്തായി 19:4-6).

ഒരേ തരത്തിലുള്ള ലിംഗത്തിൽപ്പെട്ടവർ തമ്മിൽ ലൈംഗിക ബന്ധം പുലർത്തുന്നതിനെ അംഗീകരിക്കുന്ന നാമധേയ വിഭാഗങ്ങളിലെ അദ്ധ്യക്ഷന്മാർ ഉണ്ട്. സ്വയഭോഗത്തെ അവർ സാധാരണ ജനങ്ങളിൽ അനുവദിക്കുന്നതു കൂടാതെ ചിലരുടെ അദ്ധ്യക്ഷന്മാർ പോലും ഇത്തരം ജീവിതം നയിക്കുന്നവരാണ് എന്നു കേട്ടാലോ എന്തായിരിക്കും സ്ഥിതി? അതു പാപമാണെന്നും അതിൽ നിന്നു തിരിഞ്ഞു മാനസ്സാന്തരപ്പെട്ടു ദൈവകല്പനകളിൽ ഒതുങ്ങി ജീവിക്കണമെന്നുമാണ് അവരോടു പറയുവാനുള്ളത്. കാരണം ദൈവസന്നിധിയിൽ അതു പാപമാണ്. പാപം ചെയ്തുകൊണ്ട് ദൈവത്തെ സമ്മതിപ്പിക്കാമെന്നു ആരും കരുതേണ്ട.

തെറ്റും ശരിയും വേർതിരിച്ച് കാണാതെ ആളുകൾ ഇന്നു കലക്കത്തിലാണ്. യെശയ്യാ പ്രവാചകന്റെ കാലത്തിൽ ജീവിച്ചിരുന്ന ആളുകളും അതുപോലെ ആയിരുന്നു. “തിന്മെക്കു നന്മ എന്നും നന്മക്കു തിന്മ എന്നും പേർ പറയുകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും ചെയ്യുന്നർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20). ആളുകൾ വിചാരിച്ചതുകൊണ്ട് ചിലതു പാപമല്ലാതാകയില്ല. അതുകൊണ്ട് സ്വയഭോഗം പാപം തന്നെയാണ്. അത്തരം പാപികൾ മാനസ്സാന്തരപ്പെട്ടില്ലെങ്കിൽ അവർ നിത്യമായി നഷ്ടപ്പെടും എന്നതാണ് വാസ്തവം.

സ്വയഭോഗം ആദ്യമായി പരിശീലിക്കപ്പെട്ട പട്ടണമായിരുന്നു സോദോം. ഉല്പത്തി 19:4-7 വരെയുള്ള വേദഭാഗങ്ങളിൽ ആ പട്ടണത്തിന്റെ വഷളത്വം വിവരിച്ചിട്ടുണ്ട്. ചെറുപ്പക്കാരും പ്രായമായവരും ഒന്നടങ്കം ലോത്തിന്റെ അടുക്കൽ സന്ദർശകരായി വന്നവരെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചു. പഴയ നിയമ കാലയളവിൽ നടന്ന ലജ്ജാകരമായ സംഭവം നടന്നതു തന്നെ എന്നു ഓർമ്മിപ്പിക്കുന്നതാണ് പുതിയ നിയമ പുസ്തക വിവരണങ്ങൾ (മത്തായി

11:23-24; യൂദാ 7:2 പത്രൊസ് 2:6-8). ഈ തലതിരിഞ്ഞ പട്ടണങ്ങളായ സോദോമിനെയും ഗൊമോറയെയും ദൈവം നശിപ്പിച്ചു. മറ്റു പാപങ്ങളും പട്ടികകളിൽ ഉൾപ്പെടുത്തിയിരിക്കയാണ് (യെശയ്യാവ് 3:9; യിരെമ്മ്യാവ് 23:14; മത്തായി 11:23-24).

സീനായ് പർവ്വതത്തിൽ വെച്ച് യിസ്രായേൽ ജനത്തിനു ദൈവം നല്കിയ ന്യായപ്രമാണത്തിൽ സ്വവർഗ്ഗരതി നിഷിദ്ധമെന്നു കല്പിച്ചിരിക്കുന്നു. സ്ത്രീ സ്ത്രീയോടും പുരുഷൻ പുരുഷനോടും രതിക്രിയ നടത്തുന്നതു അവരുടെ ശരീരങ്ങളെ അശുദ്ധമാക്കും (ലേവ്യാപുസ്തകം 18:22-24). സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു: അവർ മരണശിക്ഷ അനുഭവിക്കേണം. അവരുടെ രക്തം അവരുടെ മേൽ ഇരിക്കും (ലേവ്യാപുസ്തകം 20:13). യിസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുത്; യിസ്രായേൽ പുത്രിമാരിൽ പുരുഷമൈഥുനക്കാരും ഉണ്ടാകരുത്. വേശ്യയുടെ കൂലിയും നായയുടെ വിലയും നിന്റെ യഹോവയായ ദൈവത്തിന്റെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുത്. ഇവ രണ്ടും നിന്റെ ദൈവമായ യഹോവയ്ക്കു അറെപ്പാകുന്നു. ( ആവർത്തന പുസ്തകം 23:17-18). സ്വവർഗ്ഗരതി നടത്തിയിരുന്ന വേശ്യമാരെ വിളിച്ചിരുന്നതു നായ്ക്കൾ എന്നാണ്. നായ്ക്കൾക്കു ദൈവരാജ്യം അവകാശമാക്കാൻ കഴിയുകയില്ല (വെളിപ്പാട് 22:14-15).

അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചു പറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6:9-10). സ്വയഭോഗികൾ രക്ഷപ്പെടുമോ? ഏതൊരു പാപിക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതുപോലെ അവർക്കും സാധിക്കും (1 തിമൊഥെയെസ് 2:4). എന്നാൽ അവർ മാനസ്സാന്തരപ്പെട്ട് ദൈവപുത്രനായ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയണം (റോമർ 10:10, 17; യോഹന്നാൻ 8:24). പിന്നീട് പാപമോചനത്തിനായി സ്നാനം ഏല്ക്കണം (റോമർ 6:3, 4; പ്രവൃത്തി 2:38). കൊരിന്ത്യയിൽ ക്രിസ്ത്യാനികളായി തീർന്നവർ ചിലർ അത്തരക്കാ

രായിരുന്നു. എന്നാൽ അവർ കഴുകി വിശുദ്ധീകരണം പ്രാപിച്ചു (1 കൊരിന്ത്യർ 6:11).

ആളുകൾ മാറുവാൻ മനസ്സുവെയ്ക്കണ്ണം. പാപ സംബന്ധമായ പരിശീലനം ഉപേക്ഷിക്കണം. പാപത്തെ കണ്ടില്ലെന്നു നടിക്കുവാനുള്ള സമ്മർദ്ദമാണ് സമൂഹത്തിൽ നിന്നു ക്രിസ്ത്യാനികൾ നേരിടുന്നത്. അതു ദൈവസന്നിധിയിൽ കുറ്റകരമാണ്. പാപത്തിൽ നിന്നുള്ള മോചനത്തിനു തിരിച്ചറിവു അനിവാര്യമാണ്. ദൈവത്തെ അനുകരിക്കുകയാണ് എല്ലാവരും ചെയ്യേണ്ടതു. പാപത്തെ ദൈവം വെറുക്കുന്നു. അതേ സമയം അതിൽ നിന്നു വിട്ടു തിരിയുമ്പോൾ ദൈവം അങ്ങനെ ഉള്ളവരെ സ്നേഹിക്കും.

✶

# ദൈവത്തോടുള്ള നിരപ്പ്

## ജെ.കെ.ഗോസെറ്റ്

ഒന്നിലധികം വ്യക്തികൾക്കു തമ്മിൽ ഉണ്ടാകുന്ന വേർപാട് ഒഴിവാക്കേണ്ടതു അത്യാവശ്യമാണ്. വിച്ഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിച്ചില്ലെങ്കിൽ ഇരു പക്ഷത്തിനും സന്തോഷിക്കുവാൻ കഴിയുകയില്ല. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തിനു ഉലച്ചിൽ തട്ടുന്നത് ഉടമ്പടി ലംഘിക്കുമ്പോഴാണ്. ഭൗതികമായി രണ്ടു പേർ തമ്മിലുള്ള കരാർ നടപ്പാക്കുന്നതിൽ ഒരാൾ വീഴ്ച്ച വരുത്തിയാൽ അതു പ്രശ്നമായി തീരാറുണ്ട്. ദൈവത്തോടുള്ള ബന്ധം സ്ഥിരമായിരിക്കേണ്ടതിനു മനുഷ്യർക്കു ദൈവം കല്പനകൾ കൊടുത്തു. പക്ഷെ അതു പാലിക്കാൻ കൂട്ടാക്കാതെ അവർ ധിക്കരിക്കുന്നു. ഇതാണ് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള പ്രശ്നം. ഈ വിയോജിപ്പ് പരിഹരിക്കുവാൻ ദൈവം മുൻകയ്യെടുക്കുകയാണ് ചെയ്തതു. അതിനായി അവൻ ഒരു പദ്ധതി രൂപീകരിച്ചു.

അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഓർമ്മിപ്പിക്കുന്നതു: ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതിയതായി തീർന്നിരിക്കുന്നു. അതിന്നൊക്കയും ദൈവം തന്നെ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭാരമേല്പിച്ചു

മിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, അവർ നമുക്കു വേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:18–21).

നിരപ്പാക്കുന്ന എന്നതിനർത്ഥം വീണ്ടും സൗഹൃദത്തിലെത്തിക്കുക എന്നതാണ്. മുമ്പേ ദുഷ്പ്രവർത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡ ശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. തിന്മ അഥവാ പാപസ്വഭാവം ആണ് മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റിയതു (യെശയ്യാവ് 59:1–8). നിരപ്പിനു ശേഷം മനുഷ്യരും ദൈവവും വീണ്ടും സ്നേഹിതന്മാരായി തീർന്നു.

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായതു യേശുക്രിസ്തു ആണ്. ക്രിസ്തുവിനാലാണ് നമ്മെ ദൈവത്തോടു നിരപ്പിച്ചത്. ദൈവം, ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടു നിരപ്പിച്ചു എന്നാണ് വചനം പറയുന്നത്. ദൈവം ഒരുവൻ മാത്രം. ആ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥൻ ഏകൻ (1 തിമൊഥെയൊസ് 2:5). അതിനായി അവന്റെ ശരീരം രക്തം എന്നിവ നല്കി. ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നതുകൊണ്ടാണ് നമുക്കു ദൈവത്തോടു അടുക്കുവാൻ അവസരം ലഭിച്ചത്. അതു മനുഷ്യർ ആരും മറക്കാതിരിക്കുന്നത് നന്നായിരിക്കും.

അപ്പൊസ്തലന്മാർ എല്ലാവരും സ്ഥാനാപതികളായിരുന്നു. നിരപ്പിന്റെ ശുശ്രൂഷയ്ക്കു അവർ തങ്ങളെത്തന്നെ കർത്താവിനു ഏല്പിച്ചു കൊടുത്തവരായിരുന്നു. ദൈവം മനുഷ്യർക്കു സാദ്ധ്യമാക്കി തീർത്ത നിരപ്പ് പ്രയോജനപ്പെടുത്തുവാൻ ചില നിബന്ധനകൾ ദൈവം ഒരുക്കിയിട്ടുണ്ട്. അതാണ് സുവിശേഷം. രക്ഷിക്കുവാൻ ശക്തമായ ഒന്നാണ് ക്രിസ്തുവിന്റെ സുവിശേഷം (റോമർ 1:16). പാപത്തിനുള്ള ശിക്ഷ അനുഭവിക്കാതിരിക്കുക എന്ന ഭാഗ്യാവസ്ഥ നിസ്സാരമായ ഒന്നല്ല. ജീവനുള്ള ദൈവത്തിന്റെ കോപം ജ്വലിച്ചാൽ മനുഷ്യർ നശിച്ചു പോകും. കർത്താവു മനസ്സലിവുള്ളവനായതു കൊണ്ടു അവന്റെ കരുണ നമുക്കു ലഭ്യമായി. അവൻ നമുക്കു

വേണ്ടി മരണം സ്വയമായി ഏറ്റെടുത്തിട്ടില്ലായിരുന്നെങ്കിൽ നമുക്കു ദൈവത്തോടു ബന്ധപ്പെടുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് അവൻ ഏകവഴിയായി തീർന്നതു. ആത്മീയ ജീവൻ ക്രിസ്തു മുഖാന്തരമാണ് മനുഷ്യർക്കു കിട്ടുന്നത്. ഏതൊരു വ്യക്തിക്കും വളരെ എളുപ്പം ദൈവ സന്നിധിയിൽ പ്രവേശിക്കുവാൻ കഴിയുന്നതു ക്രിസ്തു നിമിത്തമാണ്. വിയോജിപ്പ് നമ്മെ വേദനിപ്പിക്കുന്നെങ്കിൽ യോജിപ്പ് നമ്മെ സന്തുഷ്ടരാക്കും.

യേശുവിന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്ന പ്രാർത്ഥനയിൽ കർത്താവ് അപേക്ഷിക്കുവാൻ പറയുന്നത് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്നാണ്. അതിന്റെ അർത്ഥം സ്വർഗ്ഗീയമായ താല്പര്യം ഭൂമിയിൽ ഉള്ള മനുഷ്യരിൽ ഉണ്ടാകണമെന്നാണ്. അതിനായിട്ടാണ് ദൈവം തന്റെ പുത്രനെ അയച്ചതും. അവൻ ചെയ്തതൊക്കെയും വിശുദ്ധനായ ദൈവവുമായി ആ പദ്ധതി മുഖാന്തരം നമുക്ക് ദൈവത്തോടടുക്കാം.

✶

സ്ത്രീകൾക്കു വേണ്ടി

## സഭയുടെ വളർച്ച

### ബെറ്റി ബർട്ടർ ചോട്ട്

വർഷങ്ങൾ പിന്നിട്ടു കൊണ്ടിരിക്കുമ്പോൾ സഭയിൽ നല്ല കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ബാന്ദ്ര ഇടവകയിലെ അംഗങ്ങൾ പണം സ്വരൂപിക്കുകയും തികയാതെ വന്നതു കടമെടുത്തു സ്വന്തമായി ഒരു ആരാധനാലയം പണിയുകയുമുണ്ടായി. സഭയിൽ അംഗസംഖ്യ വർദ്ധിക്കുന്നതോടെ ആളുകൾക്കു ഇരിക്കുവാനുള്ള സൗകര്യവും ഉണ്ടായി. ഇപ്പോൾ തന്നെ ഏതാണ്ട് മുന്നൂറിൽ അധികം അംഗങ്ങൾ അവിടെയുണ്ട്. ഏതാനും കുടുംബങ്ങൾ പട്ടണം വിട്ടു പോയപ്പോൾ, അവർ പോയ സ്ഥലങ്ങളിൽ കൂടിവരവ് ആരംഭിച്ചു. അങ്ങനെ ആ പ്രദേശങ്ങളിലും കർത്താവിന്റെ സഭ വളർന്നു വരുവാൻ തുടങ്ങി. സഭയുടെ ശ്രദ്ധ വിവിധ സ്ഥലങ്ങളിലേക്കു തിരിയാൻ തുടങ്ങി. ബാന്ദ്രയിലെ സഭ സ്വയം പര്യാപ്തതയിലേക്കും സുവിശേഷം എത്തിക്കുവാനും വളർന്നു കഴിഞ്ഞു എന്നർത്ഥം.

അംഗങ്ങൾ ചേർന്നു കെട്ടിടത്തിനും മറ്റും പണം ശേഖരിക്കാറായി. സഭയുടെ പ്രവർത്തികൾ ആ പ്രദേശത്തുള്ളവർ തന്നെ ചെയ്യുവാൻ അവർ പരിശീലിച്ചിരുന്നു. ഇതു മറ്റു പ്രദേശങ്ങളിലെ പ്രാദേശിക സഭകൾക്കു ഉത്തേജനം പകരുന്നു.

മാസത്തിലൊരിക്കൽ എല്ലാ അംഗങ്ങളും ഒത്തൊരുമിച്ച് പ്രത്യേകമായ മീറ്റിങ്ങുകൾ സംഘടിപ്പിക്കും. അതിലേക്കു ആളുകളെ ക്ഷണിക്കുന്നതിനു അവർ എല്ലാവരും കയറി ഇറങ്ങി സന്ദർശിക്കും. ലഘുലേഖകൾ, പുസ്തകങ്ങൾ, മാസികകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യും. പല പ്രാവശ്യം ഇങ്ങനെ ചെയ്യുമ്പോൾ ആ പ്രദേശത്തുള്ള എല്ലാവരിലേക്കും സത്യം എത്തിക്കുന്നതിനു സഹായകരമാകും. പാട്ട്, പ്രാർത്ഥന, പ്രസംഗം എന്നിവയ്ക്കുശേഷം സന്ദർശകരായി വന്നിട്ടുള്ളവരെ പ്രത്യേകം ശ്രദ്ധിക്കുകയും അവരുമായി കൂട്ടായ്മയുടെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യും. ചിലപ്പോൾ ലഘു ഭക്ഷണവും ഒത്തൊരുമിച്ച് കഴിക്കാറുണ്ട്. സുവിശേഷം എല്ലാവരിലേക്കും എത്തിക്കുന്നതിനുള്ള നല്ല ഉപാധിയായി തീർന്നിട്ടുണ്ട് ഇത്. ആളുകളെ പരസ്പരം അറിയാനും അവരുടെ പ്രശ്നങ്ങൾക്ക് കൂട്ടായ പരിഹാര ശ്രമം നടത്തിയത് ആത്മീയ ബന്ധത്തെയാണ് കാണിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ അംഗസംഖ്യ വർദ്ധനവിനും ഇടയാകും.

“ഇതു നമ്മെ ഉണർത്തുന്നതല്ലേ” റെയിച്ചൽ ആർഡ്രുവിനോടു ചോദിച്ചു. സുദോത്ത് എന്ന സ്ഥാനത്തെ മീറ്റിങ്ങിനുശേഷം തിരിച്ചു പോകുമ്പോഴാകുന്നു ആ ചോദ്യം. ‘അതെ’ എന്നു ഉത്തരം പറഞ്ഞു. കർത്താവിന്റെ സഭ എത്രത്തോളം വളർന്നിരിക്കുന്നു. സഹോദരന്മാരും സഹോദരിമാരും അവരുടെ മക്കളും. ഇതു നമ്മിൽ ആവേശം തന്നെയാണ് ഉണർത്തുന്നതു എന്നു പറഞ്ഞു.

നമ്മുടെ ജീവിതത്തിന് അർത്ഥവും ഗൗരവും കൊണ്ടു വന്നതു തിമൊഥിയാണല്ലോ. അവനു നാം നന്ദിയുള്ളവരാകണം. അല്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതം തന്നെ പാഴാകുമായിരുന്നു. ആരോഗ്യവും ഊർജ്ജവുമെല്ലാം വർഷങ്ങളോളം നാം പാഴാക്കുകയായിരുന്നില്ലേ? ഭൗതികമായ ഈ നേട്ടങ്ങൾ ഒക്കെയും വെന്തു പോകുവാനുള്ളതാകകൊണ്ടു അതിനെ കുറിച്ച് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. തന്നെയുമല്ല നമ്മുടെ ആത്മാക്കൾ കഷ്ടിച്ചു രക്ഷപ്പെടുകയാണുണ്ടായതു എന്നു പറയാം.

"ഇന്നലെ രാത്രി അവൻ എന്നോടു ചോദിച്ചു, ഡാഡീ എനിക്കു സുവിശേഷം അനുസരിക്കാൻ പ്രായമായോ" എന്നു. എനിക്കു തോന്നുന്നു അവൻ കുട്ടിതന്നെയാണെന്നാണ്. എങ്കിലും അവനു പതിനാലു വയസ്സു പ്രായമായി. അവൻ ആ സമർപ്പണം കഴിവതും വേഗത്തിൽ എടുക്കും എന്നെനിക്ക് അറിയാം. അധികം താമസി ക്കാതെ ടൈറ്റസും ദൈവത്തെ അനുകരിക്കും.

✶

## നിങ്ങൾക്കു ഒരു വിലയുണ്ടോ?

### ജിം ജിലോസ്പി

എന്താണ് മനുഷ്യരുടെ വില? നമ്മെ വിലകൊടുത്തു വാങ്ങിയി രിക്കയാൽ നാം നമുക്കുള്ളവരല്ല. ആകയാൽ ശരീരം കൊണ്ടും ആത്മാവുകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുക (1 കൊരിന്ത്യർ 6:20). അപ്പൊസ്തലനായ പൗലൊസ് അവിടെ പറഞ്ഞിരിക്കുന്നതു ക്രിസ്തു ക്രൂശിൽ നമുക്കു വേണ്ടി കൊടുത്ത വിലയാണ്. മറ്റു ചില രേയും വില കൊടുത്തു വാങ്ങിയതായി കഴിഞ്ഞയാഴ്ച്ച ഞാൻ വായി ക്കാനിടയായി. ആ വിവരം ദയവായി ശ്രദ്ധിക്കുക. ആനുകാലിക സംഭവങ്ങൾ പലതും നമ്മുടെ ചിന്തകളെ ഉണർത്തുന്നുണ്ട്.

കഴിഞ്ഞ ദിവസത്തെ ഒരു പത്രവാർത്ത ഒരു പ്രത്യേക സംഭ വത്തെ പുറത്തു കൊണ്ടു വന്നു. മേരിലാന്റ് എന്ന സ്ഥലത്തുള്ള ഒരു നാമധേയ വിഭാഗം അവരുടെ 75 മിനിറ്റു നീണ്ടു നില്ക്കുന്ന ആരാധനയിൽ പങ്കെടുക്കുന്നവർക്കു പത്തു ഡോളർ സംഭാവന നല്കുമെന്നു വാഗ്ദാനം ചെയ്തു. അടുത്ത ഞാറാഴ്ച്ച സാധാരണ യിൽ കവിഞ്ഞ് 125 പേർ സന്നിഹിതരായി എന്നാണ് കണക്ക്. ആരാ ധനയോടൊപ്പം ഒരു സംഗീത വിരുന്നും ആ സമയത്ത് സംഘടിപ്പി ച്ചിരുന്നു. അതു വായിച്ചപ്പോൾ ആദ്യം എനിക്ക് വിശ്വസിക്കാൻ പ്രയാസം നേരിട്ടു. ആളുകൾ റോഡിയോയിലും ടെലിവിഷനിലും തങ്ങൾക്കു എന്താണുള്ളത് എന്നു നോക്കികൊണ്ടിരിക്കുന്ന കാല യളവാണല്ലൊ. സൗജന്യം എവിടെയുണ്ടെന്നു കേൾക്കുന്നുവോ അവിടേക്കു ചിലർ ഒഴുകുന്നു എന്നതു മനസിൽ കൂടെ കടന്നുപോ യപ്പോൾ ഇതും യാഥാർത്ഥ്യമായിരിക്കും എന്നു തോന്നി. പിന്നീട് ഞാൻ ആ സംഭവത്തെ കുറിച്ച് കൂടുതലായി ചിന്തിക്കാൻ തുടങ്ങി.

അഗാധമായി ഞാൻ അതിലേക്ക് ഇറങ്ങി ചെന്നപ്പോൾ വളരെ രസകരമായ കാര്യങ്ങൾ പുറത്തു വരുന്നതായി കാണാൻ കഴിയുന്നു.

അതിനെ കുറിച്ചു കൂടുതൽ ചിന്തിക്കുന്തോറും അതിശയകരമായ പലതും മനസിൽ തെളിഞ്ഞു വന്നു. 10 ഡോളറിനു പകരം 100 ഡോളർ കൊടുത്താൽ എന്തായിരിക്കും ഫലം? അപ്പോൾ എത്ര പേർ ആരാധനയ്ക്ക് സംബന്ധിക്കും? സഭയിലെ അംഗങ്ങൾക്ക് എല്ലാം ഒരു നിശ്ചിതതുക ആരാധനയ്ക്കു വരുന്നതിനായി നല്കിയാൽ എന്തായിരിക്കും സ്ഥിതി? അങ്ങനെയായാൽ നിങ്ങളുടെ ഹാജർനില ഉയരുമോ? ആരാധന മുടങ്ങുന്ന ദിവസത്തിലെ അമ്പതു ഡോളറോ നൂറു ഡോളറോ നഷ്ടപ്പെട്ടാലോ? നിസാര രോഗത്താലോ, അതിഥി വന്നതിന്റെ പേരിലോ മുടങ്ങിക്കൊണ്ടിരിക്കുന്നതു കുറയുമോ? അതോ ഇങ്ങനെയൊക്കെ നല്കിയാലും അങ്ങനെയുള്ളവരുടെ സഭായോഗം മുടക്കം വരുത്തുമോ? ഒരു ത്യാഗത്തിന്റെ ഫലമായി ആരംഭിച്ചതാണല്ലോ ക്രിസ്ത്യാനിത്വം (യോഹന്നാൻ 15:13). സ്വർഗ്ഗത്തിലെ ദൈവിക സമത്വം സ്വയമായി ഉപേക്ഷിച്ചു ഭൂമിയിലേക്കു വന്നതാണ് യേശു. ശാരീരിക ജീവിതവും തുടർന്നു അനുഭവിച്ച കഷ്ടതകളും അവസാനമായി മരണവും സഹിക്കയായിരുന്നു. പാപങ്ങൾക്കുള്ള മറുവിലയായി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവ പുത്രനെയാണ് അവനിൽ ദർശിക്കുന്നത്. നമ്മുടെ ആകൃത്യങ്ങൾ നിമിത്തം മുറിവേറ്റ അവന്റെ ശരീരം നമ്മുടെ പാപങ്ങൾ വഹിച്ച് കൊണ്ട് സ്വയമായി മരക്കുരിശിൽ ഏല്പിച്ചു കൊടുത്തു. നാം പാപസംബന്ധമായി മരിച്ചു നീതി സംബന്ധമായി ജീവിക്കേണ്ടതിനു തന്നെ. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം കിട്ടി (1 പത്രൊസ് 2:24). പാപം എന്തെന്നറിയാത്തവനെ നമുക്കു വേണ്ടി പാപം ആക്കി. നാം അവനിൽ ദൈവ നീതി ആകേണ്ടതിനു തന്നെ എന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു. തന്നെ അനുഗമിക്കുന്നവർ എങ്ങനെയുള്ളവർ ആയിരിക്കുമെന്നു കർത്താവ് സൂചിപ്പിക്കയുണ്ടായി. ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നാണ് കർത്താവ് പറയുന്നത്. നമുക്കു ദൈവത്തോടുള്ള ബന്ധം എങ്ങനെയുള്ളതാണെന്നു നമ്മുടെ പ്രവൃത്തികൾ തെളിയിക്കുന്നു.

ഒരാൾക്ക് നൂറു ആടുണ്ടെന്നിരിക്കെ ഒന്നു കാണാതെ പോയാൽ ബാക്കിയുള്ള 99 ആടിനെയും വിട്ടിട്ടു കാണാതെപോയ ഒന്നിനെ തേടി പുറപ്പെടുന്നു. നഷ്ടപ്പെടുന്നതിന്റെ വേദന അറിയാവുന്ന നല്ല ഇടയൻ ആത്മാക്കൾ നഷ്ടപ്പെട്ടു പോകുന്നതിൽ ദുഃഖിതനായിരുന്നതുകൊണ്ടാണ് അവൻ ത്യാഗം സഹിച്ചതു. ശത്രുവിന്റെ കയ്യിൽ നിന്നു നമ്മെ വീണ്ടെടുക്കുവാൻ അവൻ കൊടുത്ത മറുവില, തന്റെ സ്വന്ത ശരീരവും രക്തവുമാണ്. നമ്മുടെ വില അറിയാവുന്ന ഒരേ ഒരാൾ നമുക്കു വേണ്ടി മരിച്ചു. ഒരാത്മാവിന്റെ വില ഈ പ്രപഞ്ചത്തെക്കാൾ വലുതാണ്. അതുകൊണ്ടാണ് നമ്മുടെ രക്ഷകൻ അരുളിച്ചെയ്തതു: ഒരുത്തൻ ഈ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കി മനുഷ്യന്റെ വില ഗണ്യമാക്കാതെ ലൗകികതയിൽ മനുഷ്യനെ പിശാച് അന്ധമാക്കിയിരിക്കയാണ്. അവരുടെ ഉൾക്കണ്ണു തുറക്കുവാൻ ദൈവിക പരിജ്ഞാനത്തിനു മാത്രമെ കഴിയൂ.

ക്രിസ്തീയ ജീവിതം എന്നതു സേവനത്തിന്റെയും ത്യാഗത്തിന്റെയും ജീവിതമാണ്. ദൈവം നമുക്കു ചെയ്ത ഉപകാരങ്ങൾക്കു നമ്മിൽ നിന്നു ദൈവം ആഗ്രഹിക്കുന്ന പുകഴ്ച്ചയും സ്തുതിയും ആരാധനയുടെ മഹത്വവും മറ്റും നാം ഉപേക്ഷയായി വിചാരിക്കരുത്.

✶

# ക്രിസ്തുവിനെ അനുകരിക്കൽ

## ഡേവിഡ് തർമാൻ

നഷ്ടപ്പെട്ടവനെ രക്ഷിക്കുക എന്ന തന്റെ ശുശ്രൂഷയിൽ നിന്നും അവൻ വേർപ്പെട്ട് തന്റെ പാരമ്പര്യത്തിലേക്കു യേശു തിരിഞ്ഞുനിന്നില്ല എന്ന പ്രത്യേകതയാണ് നാം കാണുന്നതു. ഇതു തന്റെ സ്നേഹത്തിൽ നിന്നും ഉയർന്ന ഒരു സ്വഭാവമായിരുന്നു. ഇടയൻ ഇല്ലാത്ത ആടുകളെപോലെ വലിയൊരു പുരുഷാരം കഴിയുന്നതു കണ്ടപ്പോൾ അവനു അവരോടു മനസ്സലിവു ഉണ്ടായി (മർക്കൊസ് 6:34). നഷ്ടപ്പെട്ട ആളുകളുടെ അവസ്ഥയിൽ അവരോടു യേശുക്രിസ്തുവിനു അനുകമ്പ തോന്നാതിരുന്നിട്ടില്ല. ഈ സന്ദർഭത്തിൽ അവൻ തന്റെ ശിഷ്യന്മാരെ വിളിച്ച് വേറിട്ട്

കൊണ്ടുപോകാൻ ഒരുങ്ങുകയായിരുന്നു. എങ്കിലും പുരുഷാരം അവനെ പിൻചെന്നപ്പോൾ അവൻ അവരെ പഠിപ്പിക്കുവാനും അവർക്കു വേണ്ട ഭക്ഷണം നല്കുവാനും തയ്യാറായി. ജീവിതത്തിൽ ലക്ഷ്യമില്ലാതെ അലയുന്ന ആളുകളെ സഹായിക്കുക എന്നതാണ് തന്റെ ദൗത്യം എന്നു കർത്താവ് അറിഞ്ഞിരുന്നു. വിശപ്പുള്ളവർക്ക് ആഹാരം നൽകുകയും രോഗികളുടെ രോഗം ഭേദമാക്കുകയും ചെയ്ത കർത്താവ് അവരുടെ ആത്മിയമായ വശത്തെയായിരുന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നത് എന്ന കാര്യം നാം മറക്കരുത്.

നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ള യേശുവിന്റെ വിശപ്പ് മതപരമായ തന്റെ ബഹുമാനത്തേക്കാൾ വലുതായിരുന്നു. "അവൻ ആ സ്ഥലത്തു എത്തിയപ്പോൾ നോക്കി സക്കായിയേ, വേഗം ഇറങ്ങിവാ: ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു (ലൂക്കൊസ് 19:5-7). മരത്തിന്റെ മുകളിൽ കയറി ഇരുന്നു തന്നെ ഒരു നോക്കു കാണുവാൻ ആഗ്രഹിച്ച സക്കായിയെ യേശുവിനു ഇഷ്ടമായി. യജമാനൻ അവനെ കണ്ടു സന്തോഷത്തോടെ അവന്റെ വീട്ടിൽ പോയി അവന്റെ മേശയിൽ നിന്നു ഭക്ഷിച്ചു. ഇതു മതപരമായ ആളുകൾക്കു യേശുവിനോട് നീരസത്തിനു കാരണമായി. ദൈവത്തെ പിൻപറ്റുന്ന യഥാർത്ഥ വ്യക്തി അങ്ങനെ പാപിയായ ഒരാളോടു സംസർഗ്ഗം നടത്തുകയില്ല എന്നാണ് അവർ കരുതിയത്. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറയുന്നതു പോലെ ഒരു പാരമ്പര്യവിശ്വാസത്തിനും അവന്റെ പ്രവൃത്തിയെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

ക്രിസ്ത്യാനികൾ ഇന്നു യേശുക്രിസ്തുവിന്റെ സ്വഭാവത്തെയാണ് അനുകരിക്കേണ്ടതു. നഷ്ടപ്പെടുന്നവരെ നേടുന്നതിൽ നിന്നു നമുക്കു തടസമായി ഉണ്ടായിരുന്ന ചിന്ത, പാരമ്പര്യം, സ്വഭാവം ഇങ്ങനെ എന്തുതന്നെയായിരുന്നാലും അവയെല്ലാം ഉപേക്ഷിക്കണം. നമ്മുടെ ഇഷ്ടത്തേക്കാൾ ദൈവേഷ്ടത്തിനു പ്രാധാന്യം കൊടുക്കണം. ആത്മാവിനെ നേടുക എന്നതായിരിക്കണം പരമപ്രധാനം.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!